# പതിമൂന്നാം കേരളനിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.5981 08.07.2013-ൽ മറുപടിക്ക്.

**അഞ്ച് വർഷത്തേയ്ക്കുള്ള പദ്ധതികൾക്ക് ഒന്നിച്ച് അംഗീകാരം നൽകുന്ന പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.എഫ്.തോമസ്<br>ശ്രീ.തോമസ് ഉണ്ണിയാടൻ<br>ശ്രീ.റ്റി.യു.കുരുവിള<br>ശ്രീ.മോൻസ് ജോസഫ് | ഡോ.എം.കെ.മുനീർ<br>(ബഹു.പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) ഗ്രാമപഞ്ചായത്തുകളിൽ പദ്ധതികൾ നടപ്പിലാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് അഞ്ച് വർഷത്തേയ്ക്കുള്ള പദ്ധതികൾക്ക് ഒന്നിച്ച് അംഗീകാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (എ) അഞ്ച് വർഷത്തേയ്ക്കുള്ള പദ്ധതികൾക്ക് ഒന്നിച്ച് അംഗീകാരം നൽകുന്നത് പ്രായോഗികമല്ല. 18.08.2012 ലെ സ.ഉ.(എം.എസ്) നമ്പർ 225/12/തസ്വഭവ പ്രകാരം പുറപ്പെടുവിച്ച 12-ാം പഞ്ചവൽസര പദ്ധതി പുതുക്കിയ മാർഗ്ഗരേഖയിൽ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും തയ്യാറാക്കുന്ന വികസന രേഖയെ അടിസ്ഥാനമാക്കി 12-ാം പദ്ധതി കാലത്തേയ്ക്കുള്ള (2012-17) പഞ്ചവൽസര പദ്ധതിയും അഞ്ചു വർഷത്തേയ്ക്കുള്ള പദ്ധതിയ്ക്കായി ഏറ്റെടുക്കാവുന്ന പ്രോജക്ടുകളുടെ സംഗ്രഹവും വർഷം തിരിച്ചും, മേഖല തിരിച്ചും, മുൻഗണന അനുസരിച്ചും തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം പദ്ധതികൾ തയ്യാറാക്കുമ്പോൾ പദ്ധതികൾ സംബന്ധിച്ച മുൻകൂർ ധാരണ ഉണ്ടാകുമെന്നതിനാൽ അവ സമയബന്ധിതമായും ഫലപ്രദമായും നടപ്പാക്കാൻ ഗ്രാമപഞ്ചായത്തുകൾക്ക് സാധിക്കും. |

| | | | |
|---|---|---|---|
| (ബി) | ഗ്രാമപഞ്ചായത്തുകളിലെ പദ്ധതി നിർവ്വഹണം സുതാര്യവും അഴിമതിരഹിതവും സമയബന്ധിതവുമായി നടപ്പിലാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടി എന്തെന്ന് വ്യക്തമാക്കുമോ? | (ബി) | ഗ്രാമപഞ്ചായത്തുകളിലെ പദ്ധതി നിർവ്വഹണം സുതാര്യവും അഴിമതിരഹിതവും സമയബന്ധിതവുമായി നടപ്പാക്കുന്നതിന് 18.08.2012 ലെ സ.ഉ.(എം.എസ്) നമ്പർ 225/12/തസ്വഭവ പ്രകാരം വിശദമായ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണം മുതൽ നിർവ്വഹണം വരെയുള്ള ഘട്ടങ്ങൾ സുലേഖ സോഫ്റ്റ്‌വെയറിലൂടെ വെബ് അധിഷ്ഠിതമായി നടപ്പാക്കുന്നതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥർ തയ്യാറാക്കി സമർപ്പിക്കുന്ന പ്രോജക്ടുകൾ തൽസമയം തന്നെ വെറ്റിംഗ് ഓഫീസർക്ക് പരിശോധിക്കുന്നതിനും തുടർന്ന് സെക്രട്ടറി അംഗീകരിച്ച് ഡി.പി.സി അംഗീകാരത്തിനായി ഓൺ ലൈനായി സമർപ്പിക്കുന്നതിനും സാധിക്കുന്നതിലൂടെ പദ്ധതി പ്രവർത്തനം കൂടുതൽ സുതാര്യമാക്കുന്നതിന് സാധിച്ചിട്ടുണ്ട്. കൂടാതെ പ്രോജക്ട് നിർവ്വഹിക്കുന്നത് അനുസരിച്ച് സാംഖ്യ സോഫ്റ്റ്‌വെയറിലൂടെ ട്രഷറിയിൽ നിന്നും തുക പിൻവലിക്കുന്ന മുറയ്ക്ക് പദ്ധതി ചെലവുകൾ തൽസമയം തന്നെ വെബ്സൈറ്റിൽ ലഭ്യമാക്കുന്നതിനും, ചെലവ് പുരോഗതി സ്ഥിതിവിവര കണക്കുകൾ വിവിധ ഉദ്യോഗസ്ഥഭരണ തലങ്ങളിൽ വിലയിരുത്തുന്നതിനും സാധിക്കും. കൂടാതെ പദ്ധതി പ്രവർത്തനങ്ങളുടെ വിവിധ ഘട്ടങ്ങൾക്കായി സർക്കാർ നിഷ്കർഷിക്കുന്ന സമയ പരിധിയ്ക്ക് ശേഷം വെബ്സൈറ്റ് ലോക്ക് ചെയ്യുന്നതിനുള്ള സാങ്കേതിക സംവിധാനം സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതിനും സാധിച്ചിട്ടുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ